CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Marks: 50

Class 1

(Oral Examination - വാചാപരീക്ഷ)

I. പേര് പറയുക (1x6=6)

1. യേശുവിന്റെ അമ്മയുടെ പേരെന്ത്?
2. യേശു സൗഖ്യമാക്കിയ കുരുടന്റെ പേരെന്ത്?
3. യേശു രാജാവായി യാത്ര ചെയ്യുവാൻ ഉപയോഗിച്ച് മൃഗം ഏത്?
4. യേശുവിനെ ക്രൂശിച്ചത് ആരുടെ നടുവിൽ ആയിരുന്നു?
5. യോനായോട് ഏതു പട്ടണത്തിൽ പോയി പ്രസംഗിക്കുവാനാണ് ദൈവം കൽപ്പിച്ചത്?
6. സക്കായിയുടെ ജോലി എന്തായിരുന്നു?

II. ഉത്തരം പറയുക (2x5=10)

7. എന്തുകൊണ്ടാണ് ബാലന്മാരെ രാജാവ് തീയിലിട്ടത്?
8. നഷ്ടപ്പെട്ട ആടിനു വേണ്ടി ഇടയൻ എന്ത് ചെയ്തു?
9. യേശുവിനെ ഉള്ളിൽ സ്വീകരിച്ചപ്പോൾ സക്കായി എന്താണ് ചെയ്തത്?
10. സൗഖ്യം ലഭിച്ചശേഷം കുരുടൻ എന്ത് ചെയ്തു?
11. പക്ഷവാതരോഗിയെ എങ്ങനെയാണ് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്?

III. ആര് ആരോട് പറഞ്ഞു (3x3=9)

12. 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും'
13. 'നീ ഭയപ്പെടേണ്ട അത്യുന്നതനായ ദൈവം നിന്നോട് കൂടെയുണ്ട്'
14. 'എനിക്ക് കുടിക്കുവാൻ അല്പം വെള്ളം തരുമോ'

IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5=10)

15. നിങ്ങളുടെ ..... സ്നേഹിപ്പിൻ; നിങ്ങളെ ..... പ്രാർത്ഥിപ്പിൻ.
16. ദാവീദ് പുത്രന് ..... കർത്താവിന്റെ .....
17. കാണാതെ.....രക്ഷിപ്പാനല്ലോ .....
18. നീ തീയിൽ ..... അഗ്നിജ്വാല .....
19. യഹോവ എന്റെ ..... മുട്ടുണ്ടാകയില്ല.

5. നിങ്ങൾ പഠിച്ച മനപ്പാഠവാക്യങ്ങളിൽ ഏതെങ്കിലും 5 വാക്യങ്ങൾ പറയുക (3x5=15)

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 2

(Oral Examination - വാചാപരീക്ഷ) Marks: 50

I. പേര് പറയുക (1x6=6)

1. യേശുവിന്റെ ശരീരം അടക്കം ചെയ്തത് ആര്?
2. യേശുവിന്റെ സ്വർഗാരോഹണം എവിടെ നിന്നായിരുന്നു?
3. ദാനിയേലിനെ സിംഹഗുഹയിൽ ഇടാൻ കല്പിച്ച രാജാവ് ആർ?
4. ആഹശ്വേരോശ് രാജാവിന്റെ രാഞ്ജിയുടെ പേരെന്ത്?
5. കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ട മനുഷ്യൻ എവിടെ നിന്ന് എവിടേക്ക് പോകുകയായിരുന്നു?
6. പന്ത്രണ്ടു വയസുള്ള മരിച്ച ബാലികയുടെ പിതാവിൻറെ പേരെന്ത്?

II. ഉത്തരം പറയുക (2x5=10)

7. യേശു ചെയ്ത ആദ്യത്തെ അടയാളം (അത്ഭുതം) എന്ത്?
8. മക്കളും സ്വത്തും നഷ്ടപ്പെട്ടപ്പോൾ ഇയ്യോബ് എന്ത് പറഞ്ഞു?
9. പരീശന്മാർ എന്നാൽ ആരാണ്?
10. ആട്ടിടയർക്ക് പ്രത്യക്ഷപ്പെട്ട ദൂതന്മാരുടെ സംഘം പാടിയ പാട്ട് എന്തായിരുന്നു?
11. നല്ല ശമര്യക്കാരൻ മുറിവേറ്റു കിടന്ന മനുഷ്യനുവേണ്ടി എന്തെല്ലാം ചെയ്തു?

III. ആര് ആരോട് പറഞ്ഞു (3x3=9)

12. 'ഇവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ ആർത്തു വിളിക്കും' ആര് ആരോട് പറഞ്ഞു?
13. 'എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ?' ആര് ആരോട് പറഞ്ഞു?
14. ഇവിടെ ഒരു ബാലകൻ ഉണ്ട്, അവന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് മീനും ഉണ്ട്'. ആര് ആരോട് പറഞ്ഞു

IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5 =10)

15. യഹോവയുടെ ദൂതൻ അവൻറെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി ..... സങ്കീ 34: 7
16. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിൻറെയും ..... ലൂക്കോ. 2:52
17. മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ ..... സങ്കീ 118:8 .
18. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ..... യാക്കോ. 5 :15
19. 'എൻ മനമേ യാഹോവയെ വാഴ്ത്തുക; ..... സങ്കീ 103:2

V. നിങ്ങൾ പഠിച്ച മന: പാഠ വാക്യങ്ങളിൽ നിന്നും ഏതെങ്കിലും അഞ്ച് വാക്യങ്ങൾ പറയുക (3x5=15)

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 3

Time: 1.5 hrs.
Marks : 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)

1. എത്രാമത്തെ വയസ്സിലാണ് യേശു സ്നാനമേറ്റത് ?
   (20, 30, 40)
2. താഴെപ്പറയുന്നവയിൽ ഏതാണ് ഗലീല കടലിന്റെ മറ്റൊരു പേര് അല്ലാത്തത്?
   (തിബെര്യാസ് കടൽ, ഗന്നേസരെത്ത് തടാകം, ചാവുകടൽ)
3. ആദ്യത്തെ രക്തസാക്ഷിയായി മരിച്ച അപ്പോസ്തലൻ ആർ ?
   (പത്രോസ്, യോഹന്നാൻ, യാക്കോബ്)
4. വിധവയായ സ്ത്രീ എത്ര കാശാണ് ദേവാലയത്തിൽ ഇട്ടത് ?
   (2, 3, 5)
5. യേശുവിന്റെ ശരീരം അടക്കിയ മന്ത്രി ആര് ?
   (ശിമോൻ, പീലാത്തോസ്, യോസേഫ്)
6. യേശു ഉയർത്തെഴുന്നേറ്റശേഷം എത്ര ദിവസം ഭൂമിയിൽ ആയിരുന്നു ?
   (30, 40, 50)

II. പേരെഴുതുക (1x5=5)

7. നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കിയ പ്രവാചകൻ ആര് ?
8. ജന്മനാ മുടന്തനായിരുന്ന മനുഷ്യൻ ഇരുന്ന ദേവാലയ ഗോപുരവാതിലിന്റെ പേരെന്ത് ?
9. യേശു ഉയർത്തെഴുന്നേറ്റ ശേഷം ആദ്യം പ്രത്യക്ഷപ്പെട്ടത് ആർക്കായിരുന്നു?
10. പത്രോസിന്റെ ശബ്ദം തിരിച്ചറിഞ്ഞ ബാല്യക്കാരിയുടെ പേരെന്ത് ?
11. യേശുകുഞ്ഞിനെ കാത്തു ദേവാലയത്തിൽ പാർത്ത രണ്ടുപേർ ആരെല്ലാം?

III. അർത്ഥം എഴുതുക (1x3=3)

12. നയിൻ
13. പെന്തക്കോസ്ത്
14. തബീഥാ

IV. ചേരുംപടി ചേർക്കുക (1x4=4)

15.	മോശ	–	സഫീറ
16.	അനന്യാസ്	–	കുഷ്ഠം
17.	എണ്ണ	–	ഏലിയാവ്
18.	ഗേഹസി	–	പരിശുദ്ധാത്മാവ്

V. ആര് ആരോട് പറഞ്ഞു? (2x3=6)

19. 'ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ എരിയുന്ന തീയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കുവാൻ കഴിയും'
20. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ്'
21. 'മക്കളുടെ അപ്പം എടുത്ത് നായ്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല'

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക (2x3=6)

22. പെന്തക്കോസ്ത് ദിവസം 120 പേർക്ക് ഉണ്ടായ അനുഭവം എന്ത് ?
23. യേശു സ്നാനമേറ്റപ്പോൾ നടന്ന അൽഭുതങ്ങൾ എന്തെല്ലാം ?
24. പത്രോസ് തബീഥയെ ഉയർപ്പിച്ചത് എങ്ങനെ ?

VII. ഒരു പേജിൽ ഉത്തരം എഴുതുക (any one) (8x1=8)

25. അർദ്ധരാത്രിയിൽ പൗലോസും ശീലാസും കാരാഗ്രഹത്തിൽ എന്ത് ചെയ്തു? തുടർന്നുണ്ടായ സംഭവങ്ങൾ വിവരിക്കുക.

OR

26. യേശുക്രിസ്തു പറഞ്ഞ താലന്തുകളുടെ ഉപമ വിവരിക്കുക.

VIII. വാക്യം എഴുതുക. (3x4=12)

27. യെശയ്യാ 9: 6
28. മത്തായി 25:13
29. യോഹന്നാൻ 11:25
30. അ.പ്ര. 16:31

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 4

Time: 1hrs.
Marks : 50

I. ശരിയായ ഉത്തരം എടുത്തെഴുതുക (1×6=6)

1. രക്ഷയ്ക്ക് അടിസ്ഥാനമായുള്ളത് എന്താണ്?
(സ്നേഹം, വിശ്വാസം, അനുസരണ)
2. ഏലിയാവ് ബാലിന്റെയും അശേരാപ്രതിഷ്ഠയുടെയും എത്ര പ്രവാചകന്മാരെ വെട്ടിക്കൊന്നു?
(450, 850, 950)
3. യേശു എത്ര പ്രാവശ്യം യെരുശലേം ദേവാലയം ശുദ്ധീകരിച്ചു?
(3, 4, 2)
4. ദൈവം ഹിസ്കിയാവിന് ആയുസ്സ് എത്ര വർഷം നീട്ടി കൊടുത്തു?
(30, 15, 20)
5. ഗലീല കടൽക്കരയിൽ വെച്ച് എത്ര ശിഷ്യന്മാർക്കാണ് യേശു പ്രത്യക്ഷപ്പെട്ടത്?
(7, 12, 10)
6. ഉയർത്തെഴുന്നേറ്റ കർത്താവ് ആദ്യം ആർക്കാണ് പ്രത്യക്ഷപ്പെട്ടത്?
(യോഹന്നാൻ, മദ്ഗലദക്കാരി മറിയ, പത്രോസ്)

II. പേരെഴുതുക (1×5=5)

7. ആഹാബു രാജാവിന്റെ ഗൃഹവിചാരകന്റെ പേര് എന്ത്?
8. യേശുവിന്റെ ശരീരം അടക്കം ചെയ്യാൻ നേതൃത്വം നൽകിയ രണ്ടുപേർ ആരെല്ലാം?
9. ഹിസ്കിയാവിനോട് യുദ്ധത്തിനുള്ള വന്ന അശൂർരാജാവ് ആര്?
10. ആണിപ്പഴുത് കാണാതെ വിശ്വസിക്കുകയില്ല എന്ന് പറഞ്ഞ് ശിഷ്യൻ ആര്?
11. ഹിസ്കിയാവ് ഏത് രാജ്യത്തെ രാജാവാണ്?

III. അർത്ഥം എഴുതുക (1×3=3)

12. ഗത്സമന
13. നിക്കോദിമോസ്
14. കർമ്മേൽ

IV. ചേരുംപടി ചേർക്കുക (1×4=4)

15. ഗദരദേശം – പക്ഷവാതക്കാരൻ
16. ഗലീല – ഭൂതഗ്രസ്ഥൻ
17. യഹൂദിയ – ഹെരോദാവ്
18. ബെഥെസ്ഥ – പീലാത്തോസ്

V. ആര് ആരോട് പറഞ്ഞു (2×3=6)

19. ഇത് ഇവിടെ നിന്ന് കൊണ്ടുപോകുവിൻ എന്റെ ആലയത്തെ വാണിഭശാല ആക്കരുത്. ആര് ആരോട് പറഞ്ഞു?
20. ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. ആര് ആരോട് പറഞ്ഞു?
21. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. ആര് ആരോട് പറഞ്ഞു?

VI. രണ്ട് മൂന്ന് വാക്യങ്ങളിൽ ഉത്തരം എഴുതുക (2×3=6)

22. പാപിനിയായ സ്ത്രീ യേശുവിന്റെ അടുക്കൽ വന്ന് എന്തെല്ലാം ചെയ്തു?
23. പട്ടാളം യേശുവിനെ കയ്യേറ്റം ചെയ്തശേഷം യേശുവിന് നേരിട്ട പീഡകൾ എന്തെല്ലാം?
24. ലോക ചരിത്രത്തിൽ യേശുവിന്റെ വിധിയുടെ പ്രത്യേകത എന്ത്?

VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (8×1=8)

25. യേശുക്രിസ്തുവിനു നേരിട്ട പരീക്ഷകൾ
അല്ലെങ്കിൽ
26. കർത്താവിൻറെ ക്രൂശീകരണം

VIII. മനപ്പാഠവാക്യം എഴുതുക (3×4=12)

27. യെശ: 53:4
28. മത്താ 28:18
29. ലൂക്കോ 18:7
30. വെളി 1:18

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 5

Time: 1.5 hrs.
Marks :50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1 x 6 = 6)

1. യോനാ എത്ര രാവും പകലും മഹാമത്സ്യത്തിന്റെ വയറ്റിൽ കിടന്നു ?
   (3, 7, 6)
2. യൂറോപ്പിലെ ആദ്യ വിശ്വാസി ആര്?
   (ഗ്ലാഡിസ്, ലുദിയ, പെർ പെർപെച്ച)
3. ഏതു വർഷമാണ് റവ. കുക്ക് ചർച്ച് ഓഫ് ഗോഡിനോടു ചേർന്നത് ?
   (1929, 1928, 1936)
4. പാദങ്ങളിലൂടെ രക്തം ഒഴുകുന്ന അപ്പൊസ്തലൻ എന്ന് അറിയപ്പെടുന്നത് ആര്?
   (സാധുസുന്ദർസിംഗ്, പൗല്ലോസ്, പത്രോസ്)
5. പത്രോസിന്റെ സ്വന്ത ദേശം ഏത്?
   (യെഹൂദ, ബെത്ത്സയിദ, തെക്കോവ)
6. പെന്തക്കോസ്തു നാളിലെ പത്രോസിന്റെ പ്രസംഗത്തിൽ ..... പേർ സ്നാനപ്പെട്ടു
   (3000, 6000, 9000)

II. പേരെഴുതുക (1 x 5 =5)

7. പുതിയനിയമ സഭയ്ക്കു ബൈബിളിൽ നൽകിയിരിക്കുന്ന പേരെന്ത് ?
8. സെഖര്യാവിനു പ്രത്യക്ഷപ്പെട്ട ദൂതൻ ആര്?
9. യെശയ്യാവിന്റെ പിതാവിന്റെ പേരെന്ത് ?
10. ഏത് ചക്രവർത്തിയുടെ ഭരണകാലത്താണ് സെബാസ്ത്യൻ രക്ത സാക്ഷിയായി മരിച്ചത് ?
11. ഒന്നാം മിഷണറിയാത്രയിൽ പൗല്ലോസിന്റെ സഹയാത്രികൻ ആരായിരുന്നു?

III. അർത്ഥം എഴുതുക (1 x3 =3)

12. യെശയ്യാവ് എന്ന പേരിന്റെ അർത്ഥമെന്ത്?
13. യോനാ എന്നതിന്റെ അർത്ഥം എന്ത് ?
14. ആമോസ്

IV. ചേരും പടി ചേർക്കുക (1 x 4 = 4)

15. ജിറോനിമൊ – ഇന്ദ്രൻ
16. സെബാസ്ത്യൻ – ബുധൻ
17. പൗലോസ് – നാറി ബോൺ
18. ബർന്നബാസ് – ഇഷ്ടികക്കട്ടയായി രൂപപ്പെട്ട ക്രിസ്തു ഭടൻ

V. ആര് ആരോടു പറഞ്ഞു (2x3 = 6)

19. ആര് ആരോടു പറഞ്ഞു , നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്
20. നിങ്ങൾ എന്നെ വിശ്വസ്ത എന്ന് എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ
21. യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക (2 x 3 = 6)

22. യേശുവിനെ തള്ളിപ്പറയുവാൻ പറഞ്ഞ പിതാവിനോട് പെർപെചാ എന്താണ് പറഞ്ഞത്?
23. ഗ്രഹാം ഗ്ലാഡിസ് ദമ്പതികളുടെ സേവനങ്ങൾ എന്തൊക്കെയായിരുന്നു?
24. യെശയ്യാവിനെ മശിഹാ പ്രവാചകൻ എന്നു വിളിക്കുവാനുള്ള കാരണമെന്ത്?

VII. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക ഏതെങ്കിലും ഒന്ന് (8x1=8)

25. ക്രൈസ്തവ പീഡന കാരണങ്ങൾ എന്തെല്ലാം ?

OR

26. ദാനിയേലിനെ സിംഹക്കൂട്ടിൽ ഇട്ട സംഭവം വിവരിക്കുക.

VIII. മന:പാഠം വാക്യം എഴുതുക (3 x 4 = 12)

27. യോഹ. 12 : 24
28. എബ്രാ. 13 :7
29. ദാനി. 1: 8
30. അപ്പൊ. 14:22

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 6

Time: 1.5 hrs.
Marks : 50

I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x5=5)

1. ദാവീദിന്റെ ഗോത്രം ഏത് ?
   (ബെന്യാമിൻ, യഹൂദാ, ദാൻ)
2. മിര്യാം മരിച്ചത് എവിടെ വെച്ച്?
   (നെബോ, കാദേശ്, ഹോരേബ്)
3. യോനാഥാനോടുള്ള ഉടമ്പടിയുടെ ഫലമായി കരുണ ലഭിച്ച വ്യക്തിയാര്?
   (ഈഖാബോദ്, അബ്ശാലോം, മെഫീബൊശെത്ത്)
4. മരണക്കിടക്കയിൽ ആരോടാണ് എലീശ ദൈവാലോചന അറിയിച്ചത് ?
   (യോവാശ്, ആഹാബ്, അബ്നേർ)
5. പഴയനിയമ പുസ്തകങ്ങളിലെ അവസാന പുസ്തകമേത് ?
   (മലാഖി, യോന, മീഖ)

II പേരെഴുതുക (1x6=6)

6. ഹെബ്രോന്റെ ആദ്യത്തെ പേരെന്ത് ?
7. യഹൂദയുടെ 70 വർഷത്തെ ബാബേൽ പ്രവാസത്തെപ്പറ്റി മുൻകൂട്ടി പ്രവചിച്ചതാര്?.
8. രൂത്തിന്റെ ആദ്യ ഭർത്താവിന്റെ പേരെന്ത്?
9. ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ ആരെല്ലാം ?
10. ശൗലിന്റെ മരണശേഷം യിസ്രായേലിലെ ഒരു ഭാഗം 2 വർഷം ഭരിച്ചതാര്?
11. ദാവീദ് ആരുടെ പക്കൽ നിന്നാണ് കാഴ്ചയപ്പം വാങ്ങി ഭക്ഷിച്ചത് ?

III. അർഥം എഴുതുക (1x3 =3)

12. ബെത്ലഹേം
13. മലാഖി
14. ബെസോർ

IV. ചേരുംപടി ചേർക്കുക (1X4=4)

15. ദാനിയേൽ – അബ്ശാലോം
16. മോശെ – നാഹോർ
17. അബ്രഹാം – മിര്യാം
18. താമാർ – ബെൽശെസ്സർ

V. ആര് ആരോട് പറഞ്ഞു (2x3=6)

19. "എനിക്ക് നിന്നെ ഒരു ദൈവ ദൂതനെപ്പോലെബോധിച്ചിരിക്കുന്നു" ആര് ആരോട് പറഞ്ഞു?
20. "നിന്നെ വിട്ടു പിരിവാനും നിന്റെകൂടെ വരാതെ മടങ്ങി പോകുവാനും എന്നോട് പറയരുതേ" ആര് ആരോട് പറഞ്ഞു?
21. "നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു" ആര് ആരോട് പറഞ്ഞു?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

22. യിസ്ഹാക്കിന്റെ സ്വഭാവ വൈശിഷ്ട്യങ്ങൾ എന്തെല്ലാം ?
23. മോശെയെ ദൈവം പരിശീലിപ്പിച്ചെടുത്ത മൂന്നു ഘട്ടങ്ങൾ ഏതെല്ലാം ?
24. എലീശായുടെ തെരെഞ്ഞെടുപ്പ് എപ്രകാരമായിരുന്നു ?

VII. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. നെബുഖദ്നെസ്സറിന്റെ രണ്ടാമത്തെ സ്വപ്നവും അർത്ഥവും വിവരിക്കുക
    അല്ലെങ്കിൽ
26. ദാവീദും ഗോലിയാത്തും പരസ്പരം ഏറ്റുമുട്ടിയ സംഭവം വിവരിക്കുക

VIII. മനഃപാഠവാക്യമെഴുതുക (3x4=12)

27. എസ്ര 8:21
28. യാക്കോബ് 2:10
29. മലാഖി 4:1
30. രൂത്ത് 2:12

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 7

Time: 1.5 hrs.
Marks :50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (1x5=5)

1. ഏഴു ദിവസം മാത്രം ഭരിച്ച യിസ്രായേൽ രാജാവരാണ്.
(ഏലാ, സിമ്രി, ഒമ്രി)
2. മഹാപുരോഹിതനായ ന്യായാധിപൻ ആരായിരുന്നു.
(ഏലി, ശിംശോൻ, ഏഹൂദ്)
3. യിസ്രയേൽ രാഷ്ട്രം രൂപം കൊണ്ടത് എന്നാണ്.
(1947, 1948, 1949)
4. അഹരോൻ മരിച്ചത് എവിടെവെച്ചായിരുന്നു.
(ഹസേരോത്ത്, കാദേശ് ബർന്ന, ഹോർ പർവ്വതം)
5. ഹേരോദാവ് പുതുക്കിപ്പണിത ദേവാലയം നശിപ്പിച്ചതാരാണ്.
(തിത്തോസ്, ഹെഡ്രിയാൻ, അഗസ്റ്റസ് കൈസർ)

II. പേരെഴുതുക (1x5=5)

6. മിര്യാം കുഷ്ഠരോഗിയായി തീർന്ന സ്ഥലം ഏത്?
7. പ്രവചിക്കുന്ന 4 കന്യകമാരായ മക്കളുടെ പിതാവായ സുവിശേഷകൻ ആര്?
8. ഈജിപ്റ്റിന്റെ എബ്രായ പേരെന്ത്?
9. കനാൻ നാടിന് പലസ്തീൻ എന്ന പേര് നൽകിയത് ആരാണ്?
10. ആധുനിക യിസ്രായേലിന്റെ നാണയം എന്ത്?

III. പൂരിപ്പിക്കുക (1x4=4)

11. റമസേസിൽ നിന്ന് പുറപ്പെട്ട ജനം എത്തിയ മിസ്രയീമിന്റെ അതിര് ..... എന്ന സ്ഥലമായിരുന്നു.
12. ഇടങ്കയ്യനായ ന്യായാധിപനായിരുന്നു .....
13. കർത്താവിന്റെ രഹസ്യവരവിൽ സഭയെ ഒരുക്കിയ ....., ഭൂമിയിൽ നിന്ന് മാറ്റപ്പെടും.
14. യിസ്രായേൽ ..... ൽ അടിമകളായി അശൂരിലേക്ക് പോയി. (വർഷം)

IV. അർത്ഥം എഴുതുക (1x3=3)

15. മനു / മന്ന
16. സ്തേഫാനോസ്
17. ഇസ്രായേൽ

V. കാരണം എഴുതുക (2x2=4)

18. ദൈവം ആ തലമുറയിൽ നോഹയെ തെരഞ്ഞെടുത്തു.
19. മോശെയ്ക്കു എന്തുകൊണ്ട് കനാൻ നാട്ടിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

20. മാറായിലെ അനുഭവം എന്ത്? അതെങ്ങനെ പരിഹരിച്ചു?
21. ജ്യേഷ്ഠാവകാശത്തിന്റെ അനുഗ്രഹങ്ങൾ ഏതെല്ലാം?
22. സങ്കേതനഗരങ്ങൾ എന്നാൽ എന്ത്? അവ ഏതെല്ലാം.

VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)

23. സഹസ്രാബ്ദയുഗം
24. യേശുക്രിസ്തു വാഗ്ദത്ത മശിഹായായിരുന്നു എന്നു സമർത്ഥിക്കുക.

VIII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. യേശുക്രിസ്തുവിന്റെ പുനരാഗമനം ആസന്നമായിരിക്കുന്നു എന്ന് യിസ്രായേലിന്റെ ചരിത്രത്തിൽ നിന്നും വ്യക്തമാക്കുക.

അല്ലെങ്കിൽ

26. ദാവീദിന്റെ ശ്രേഷ്ഠഗുണങ്ങൾ എന്തെല്ലാം? വിശദമാക്കുക.

IX. മനഃപാഠവാക്യം എഴുതുക (3x3=9)

27. 1 ശമുവേൽ 12:14
28. 1 പത്രൊസ് 2:9
29. സങ്കീർത്തനങ്ങൾ 16:6

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 8

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക. (1x5=5)

1. തീത്തോസ് ഏത് സഭയിലെ ശുശ്രൂഷക്കാരൻ ആയിരുന്നു?
   (കൊരിന്ത്, ക്രേത്ത, ബെരോവ)
2. ദശാംശം കൊടുക്കുന്നതിന് തുടക്കം കുറിച്ച വ്യക്തി ആര്?
   (യാക്കോബ്, അബ്രഹാം, ഇയ്യോബ്)
3. പൗലോസിനെ അടിക്കാൻ കല്പിച്ച മഹാപുരോഹിതൻ ആര്?
   (ഹന്നാവ്, അനന്യാസ്, കയ്യാഫാവ്)
4. മഹാനായ അലക്സാണ്ടറിന്റെ സഹോദരിയുടെ പേരിൽ, തെർമ്മ എന്ന സ്ഥലത്തിന് ഇട്ട പേര് എന്തു?
   (തെസ്സലോനിക്യ, തർസോസ്, എഫെസൊസ്)
5. പുതിയ നിയമത്തിലെ പുസ്തകങ്ങൾ എത്ര?
   (21, 27, 39)

II. പേരെഴുതുക. (1x5=5)

6. ഹൃദായ കാനോൻ എഴുതിയത് ആര്?
7. ഫിലിപ്പ്യ ലേഖനത്തിന്റെ മുഖ്യ വിഷയം എന്തു?
8. പൗലോസ് ഏത് ശതാധിപന്റെ മേൽ നോട്ടത്തിൽ ആണ് റോമിൽ ചെന്നെത്തിയത്?
9. ദേവന്മാർ മനുഷ്യരൂപത്തിൽ വന്നു എന്ന് പറഞ്ഞു പൗലോസിനു ബുധൻ എന്നും ബർന്നബാസിന് ഇന്ദ്രൻ എന്നും പേർ വിളിച്ച സ്ഥലം ഏതു?
10. യെരുശലേമിലെ സഭയ്ക്ക് പൗലോസിനെ പരിചയപ്പെടുത്തിയത് ആര്?

III. പൂരിപ്പിക്കുക. (1x4=4)

11. തന്റെ ജനത്തോടു ഇടപെടുവാനായി ദൈവം പ്രത്യേകം വേർതിരിചിരിക്കുന്ന സ്ഥലത്തെ ..... എന്ന് വിളിച്ചിരിക്കുന്നു.
12. നമ്മുടെ ഹൃദയത്തിന്റെ കണ്ണാടി ..... ആണ്.
13. പൗലോസിന്റെ 3 മിഷനറി യാത്രകളുടെയും കേന്ദ്രം ..... ആയിരുന്നു.
14. എത്ര ഭക്തനായി ജീവിച്ചാലും ..... ദൈവപൈതലിന്റെ അവകാശം ആണ് എന്ന് പൗലോസിന്റെ അന്ത്യ കാലം നമ്മെ പഠിപ്പിക്കുന്നു.

IV. അർത്ഥം എഴുതുക. (1x3=3)

15. കുർബ്ബാന
16. എക്ലീസിയ
17. വിശുദ്ധീകരണം

V. കാരണം എഴുതുക. (2x2=4)

18. എഫെസോസിലെ ലഹളക്ക് കാരണം എന്ത്?
19. പൗലോസിന്റെ റോമിലെ രണ്ടാം കാരാഗൃഹ വാസത്തിനുള്ള കാരണം എന്ത്?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. (2x3=6)

20. പുതിയനിയമത്തിലെ യൂദാമാർ ആരെല്ലാം?
21. 'കടന്നു വന്നു ഞങ്ങളെ സഹായിക്കുക', എന്നതിന്റെ സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക.
22. തിരുമേശയുടെ ഉൽകൃഷ്ടത എന്താണ്?

VII. ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക. (3x2=6)

23. പൗലോസിന്റെ ലേഖനങ്ങളെ പഠന ക്രമത്തിൽ എഴുതുക?
24. ആദിമ സഭയുടെ ദാനധർമ്മവിധം എഴുതുക?

VIII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക. (ഏതെങ്കിലും ഒന്ന്) (8x1=8)

25. രണ്ടാം മിഷനറി യാത്രയിൽ പൗലോസ് സ്ഥാപിച്ച സഭകൾ ഏതെല്ലാം? ലഘുവായി വിവരിക്കുക.

OR

26. പ്രവാചക പുസ്തകങ്ങളിലെ സാമ്പത്തിക ധർമ്മം എന്തു?

IX. മന:പാഠവാക്യം എഴുതുക. (3x3=9)

27. റോമർ 8:29-30
28. മത്തായി 28:19-20
29. റോമർ 1:16

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

Class 9 Time: 1.5 hrs

Marks: 50

I. ശരിയായ ഉത്തരം എഴുതുക (1x5=5)

1. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ച് പുതിയ നിയമത്തിൽ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് ?
   (216, 318, 50)
2. അന്ത്യകാലത്തെ പരിശുദ്ധാത്മ പകർച്ചയെപ്പറ്റി പ്രവചിച്ച പഴയനിയമ പ്രവാചകൻ ആര് ?
   (യോവേൽ, ആമോസ്, മീഖാ)
3. മനുഷ്യരിൽ നിന്നുള്ള ആദ്യ പ്രവാചകൻ ആര്?
   (മോശ, ഹാനോക്ക്, നോഹ)
4. മഹോപദ്രവം നടത്തുന്നവൻ ആര്?
   (എതിർ ക്രിസ്തു, ദൈവം, കള്ള പ്രവാചകൻ)
5. പ്രവചന സ്ഥാപകൻ എന്നറിയപ്പെടുന്നതാര്?
   (നോഹ, യെശയ്യാവ്, മോശ)

II. പേരെഴുതുക (1x5=5)

6. യിരമ്യാവിന്റെ പ്രവചനങ്ങൾ പുസ്തകത്തിൽ ആക്കിയത് ആര് ?
7. മനുഷ്യന്റെ പ്രവർത്തികളെ രേഖപ്പെടുത്തുന്ന പുസ്തകം ഏത് ?
8. യിസ്രയേൽ രാഷ്ട്രം സ്ഥാപിതമായ വർഷം ഏത് ?
9. ഭൂമിയിലെ അവസാനത്തെ യുദ്ധം ഏത് ?
10. യഹൂദന്റെ ഒടുവിലത്തെ പെരുന്നാൾ ഏത് ?

III. പൂരിപ്പിക്കുക (1x4=4)

11. പുസ്തക രൂപത്തിൽ പ്രവചനം എഴുതിയവരാണ് ..... എന്നറിയപ്പെടുന്നത്?
12. കർത്താവിന്റെ ശുശ്രൂഷയിലെ പ്രധാന വിഷയം ..... ആണ് ?
13. അനേക പ്രവചന ഭാഗങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന ഒരു മഹാ സംഭവമാണ് .....
14. പഴയ നിയമത്തിലെ തോമസ് എന്നാണ് ..... നെ വിളിക്കുന്നത്.

IV. അർഥം എഴുതുക (1x3=3)

15. ഗാഗ്
16. ദാനിയേൽ
17. ഹോശയ

V. കാരണം എഴുതുക (2x2=4)

18. മോശയെ എന്തുകൊണ്ട് പ്രവചന സ്ഥാപകൻ എന്ന് വിളിക്കുന്നു ?
19. മീഖായേ എന്തുകൊണ്ട് ചെറിയ യശയ്യാവ് എന്ന് വിളിക്കുന്നു ?

VI. മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക (2x3=6)

20. യെശയ്യാവിന്റെ വിളിയുടെ പ്രത്യേകതകൾ ഏതെല്ലാം ?
21. സഹസ്രാബ്ദ വാഴ്ച എന്നാൽ എന്ത്? അന്ന് ഭൂമിയിലുള്ള നാല് കൂട്ടർ ആരെല്ലാം ?
22. മഹത്വ പ്രത്യക്ഷത എന്നാൽ എന്ത് ?

VII. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. (3x2=6)

23. വിശുദ്ധന്മാരുടെ ന്യായതീർപ്പിന് ഉപയോഗിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാം ?
24. അകാനോനിക പ്രവാചകന്മാർ എന്നാൽ ആരാണ്? 6 അകാനോനിക പ്രവാചകന്മാരുടെ പേരുകൾ എഴുതുക ?

VIII. ഒരു പേജിൽ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. ഉൽപ്രാപണം പ്രാപിക്കുന്ന സഭയുടെ യോഗ്യതകൾ വിവരിക്കുക

അല്ലെങ്കിൽ

26. യേശുക്രിസ്തുവിന്റെ മടങ്ങിവരവിന്റെ രാഷ്ട്രീയ ലക്ഷണങ്ങൾ വിവരിക്കുക

IX. വാക്യം എഴുതുക (3x3=9)

27. ദാനിയേൽ :12:1
28. എബ്രായർ :9:27,28,
29. 1 പത്രോസ് :1:10

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

CLASS 10

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x5=5)

1. സ്വിഗ്ലിയുടെ ചിന്തകളെ സ്വാധീനിച്ച ഡച്ചു പണ്ഡിതൻ ആരായിരുന്നു?
(ജിം എലിയറ്റ്, ഡെസിഡേരിയസ് ഇറാസ്മസ്, അലക്സാണ്ടർ)
2. താഴെ പറയുന്നവയിൽ പരിശുദ്ധാത്മാവിന്റെ പ്രതിരൂപത്തിൽ വരാത്തത് ഏതാണ്?
(വെള്ളം, എണ്ണ, വീഞ്ഞ്)
3. ഏത് ജനത്തെ ആണ് മരുഭൂമിയിലെ സഭ എന്ന് തിരുവെഴുത്തിൽ വിളിച്ചിരിക്കുന്നത്?
(ഇസ്രായേൽ, പലസ്റ്റീൻ, തെസ്സലോനിക്യ)
4. യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയത് ആരാണ്?
(എനോശ്, ഹാനോക്, മോശ)
5. വർജ്ജനം ആചരിക്കുന്നവർക്കു ലഭിക്കുന്ന കിരീടം ഏതാണ്?
(തേജസ്സിന്റെ കിരീടം, നീതിയുടെ കിരീടം, വാടാത്ത കിരീടം)

II. പേരെഴുതുക (1x5=5)

6. 'ഇതാ തനിച്ചു പാർക്കുന്നൊരു ജനം, ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല'. ആരാണ് ഇങ്ങനെ പറഞ്ഞത്?
7. പരിശുദ്ധാത്മാവിനാൽ അമ്മയുടെ ഗർഭത്തിൽ വെച്ച് തുള്ളിയത് ആര്?
8. യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഏറെ നാൾ കഴിയും മുമ്പ് പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും ' ആര് പറഞ്ഞു?
9. മറിയാമിൽ ജന്മപാപമില്ല എന്ന റോമസഭയുടെ ഉപദേശത്തിന്റെ പേര് എന്താണ്?
10. ജിം എലിയട്ട് ഏത് രാജ്യത്താണ് ജനിച്ചത്?

III. പൂരിപ്പിക്കുക (1x4=4)

11. പരിശുദ്ധാത്മാവിനെ എബ്രായ ഭാഷയിൽ ..... എന്ന് വിളിക്കുന്നു.
12. പാപം ഭൂമിയെ ശൂന്യമാകുന്നതുവരെ ഭൂമി ..... ന്റെ രാജ്യം ആയിരുന്നു.
13. പരിശുദ്ധാത്മാവിന്റെ സഭയിലുള്ള ജന്മദിവസമായിരുന്നു .....
14. കേൾപ്പാൻ വേഗതയും ..... താമസവും വേണം.

IV. അർത്ഥം എഴുതുക (1x3=3)

15. പെട്രോസ്
16. കൊർബാൻ
17. കുറിയാക്കെ

V. കാരണം എഴുതുക (2x2=4)

18. പരിശുദ്ധാത്മാവിനെ ക്രിസ്തുവിന്റെ ആത്മാവ് എന്ന് എന്തുകൊണ്ട് വിളിക്കുന്നു?
19. ദൈവം ഇസ്രയേലിനെ ജാതീയ രാജാക്കന്മാർക്ക് എന്തുകൊണ്ട് വിറ്റു കളഞ്ഞു?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

20. ലോകത്തെ നടുക്കുന്ന മഹാസംഭവമായ കർത്താവിന്റെ വരവിനെ പറ്റി വിവരിക്കുക.
21. ആത്മവിശ്വാസം വളർത്താനുള്ള ചില സൂചനകൾ എഴുതുക.
22. യഹൂദ പൗരോഹിത്യ മേധാവിത്വത്തെ വിമർശിച്ചു യേശുക്രിസ്തു പറഞ്ഞത് എന്ത്?

VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)

23. യേശുക്രിസ്തുവിന്റെ കുരിശിൽ അടങ്ങിയിരിക്കുന്ന രോഗശാന്തി
24. ആത്മാവിന്റെ ഫലം

VIII. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക? (ഏതെങ്കിലും ഒന്ന്) (8x1=8)

25. ദൈവസഭയുടെ വിശ്വാസ പ്രമാണങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

26. വ്യക്തികളിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനത്തെ പറ്റി ഉപന്യസിക്കുക.

IX. മനഃപാഠ വാക്യം എഴുതുക (3x3=9)

27. യെശയ്യ 52:11
28. എബ്രായർ 10:35
29. യോഹന്നാൻ 12:24

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

CLASS 11

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x5=5)

1. ഏഷ്യയിലെ വിളക്ക് എന്നറിയപ്പെടുന്ന പട്ടണം ഏതാണ്?
   (എഫെസൊസ്, സർദ്ധിസ്, ഫിലദൽഫിയ)
2. സഹോദരസ്നേഹമുള്ള സഭ
   (എഫെസൊസ്, സർദ്ധിസ്, ഫിലദൽഫിയ)
3. തങ്ങളുടെ കിരീടങ്ങൾ കുഞ്ഞാടിന്റെ സിംഹാസനത്തിന്റെ മുന്നിൽ വയ്ക്കുന്നത് ആര്?
   (ദൂതന്മാർ, മൂപ്പന്മാർ, വിശ്വാസികൾ)
4. നാലാം മുദ്ര പൊട്ടിച്ചപ്പോൾ പ്രത്യക്ഷമായ ജീവി ഏത്?
   (കറുത്ത കുതിര, മഞ്ഞ കുതിര, ചുവന്ന കുതിര)
5. വെളിപ്പാട് പുസ്തകത്തിലെ എത്രാമത്തെ അധ്യായത്തിലാണ് സൂര്യനെ അണിഞ്ഞ സ്ത്രീയെക്കുറിച്ച് പരാമർശിക്കുന്നത്.
   (12, 14, 13)

II. ഉത്തരമെഴുതുക (1x5=5)

6. യരുശലേം ദേവാലയം പണിയുന്നത് ആരുടെ നേതൃത്വത്തിൽ?
7. കൊയ്ത്തിനു സമയം വന്നതുകൊണ്ട് അരിവാൾ അയച്ചു കൊയ്യുക എന്ന് ഏത് യുദ്ധത്തെക്കുറിച്ചാണ് ദൂതൻ പറഞ്ഞത്?
8. സമുദ്രത്തിലെ ജലം രക്തം പോലെ ആയത് എത്രാമത്തെ ക്രോധ കലശം ദൂതൻ ഒഴിച്ചപ്പോഴാണ്?
9. പെരുവെള്ളത്തിൽ മീതെ ഇരിക്കുന്ന സ്ത്രീ ഏത് സഭയെ കുറിക്കുന്നു?
10. അറപ്പുള്ള പക്ഷികൾ എന്ന് ആരെ കുറിക്കുന്നു?

III. പൂരിപ്പിക്കുക (1x4=4)

11. മണവാട്ടിയുടെ വിവാഹ വസ്ത്രം വിശുദ്ധന്മാരുടെ ..... ആകുന്നു.
12. ദൈവപുത്രൻ ആയിരമാണ്ട് ഭരണം നടത്തുമ്പോൾ സർവഭൂമിയുടെയും തലസ്ഥാനം ..... ആയിരിക്കും.
13. രാജ്യത്തിന്റെ സുവിശേഷം സകല ജാതികളോടും പ്രസംഗിക്കും അപ്പോൾ ..... വരും.
14. കുഞ്ഞാടിന്റെ കല്യാണ മഹോത്സവം ..... ആഴ്ചവട്ടത്തിന്റെ ഒടുവിൽ ആയിരിക്കും.

IV. അർത്ഥം എഴുതുക (1x3=3)

15. സ്മുർന്നാ
16. നിക്കോ
17. ബാബേൽ

V. കാരണം എഴുതുക (2x2=4)

18. ആയിരമാണ്ട് വാഴ്ചക്കാലത്ത് സാത്താന് പ്രവർത്തിക്കുവാൻ കഴിയുകയില്ല.
19. യഹൂദൻ അവസാന ആഴ്ചവട്ടത്തെ കഷ്ടതയിൽ കൂടി കടന്നു പോകേണ്ടി വരുന്നു.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (2x3=6)

20. ഒന്നാം കാഹളം ഊതിയപ്പോൾ സംഭവിച്ചത്?
21. കടലിൽ നിന്നും കയറിവരുന്ന മൃഗങ്ങൾ എന്തിനെ പ്രതിനിധീകരിക്കുന്നു?
22. നിത്യ സുവിശേഷം എന്തിനുവേണ്ടി ഘോഷിക്കപ്പെടുന്നു?

VII. ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക (3x2=6)

23. കുഞ്ഞാടിന്റെ നാമം നെറ്റിയിൽ എഴുതിയിരിക്കുന്നത് എന്തിനെയെല്ലാം കാണിക്കുന്നു?
24. ഹർമ്മഗേദ്രോൻ യുദ്ധം.

VIII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. വെളിപ്പാട് പുസ്തകത്തിലെ ഏഴു സമ്പൂർണ്ണതകളെ കുറിച്ച് ഉപന്യസിക്കുക.
26. യേശുക്രിസ്തുവിന്റെ സപ്താംഗവർണ്ണനെയെ പറ്റി ഉപന്യസിക്കുക.

IX. മനഃപാഠവാക്യം എഴുതുക (3x3=9)

27. വെളി. 2:4-5
28. വെളി. 3:17-18
29. വെളി. 12:10

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 2ND SEMESTER EXAMINATION 2025-26

CLASS 12

Time: 1.5 hrs
Marks: 50

I. ശരിയുത്തരം എഴുതുക (1x5=5)

1. കുസ്തന്തിനോസ് ചക്രവർത്തി ലോക പ്രസിദ്ധമായ മതപരിവർത്തന വിളംബരം പ്രസിദ്ധപ്പെടുത്തിയത് എന്ന് ?
   (എ.ഡി. 315, എ.ഡി. 313, എ.ഡി. 320)
2. ദൈവം മനുഷ്യനോട് ഇടപെടുന്ന മൊത്തം കാലഘട്ടത്തെ എത്ര യുഗങ്ങളായി തരം തിരിച്ചിരിക്കുന്നു ?
   (7, 6, 5)
3. ജീവപര്യന്തം വിശ്വസ്തരായിരിക്കുന്നവർക്ക് ലഭിക്കുന്ന കിരീടം (വാടാത്ത കിരീടം, പ്രശംസാ കിരീടം ,ജീവ കിരീടം)
4. നവീകരണത്തിന്റെ പിതാമഹൻ എന്നും ഉദയ നക്ഷത്രം എന്നും വിളിക്കപ്പെടുന്നത് ആര് ?
   (ജോൺ വിക്ലിഫ്, ജോൺ ഹസ്സ്, വില്യം റ്റിൻഡെല്ലി)
5. മാനുഷികഭരണയുഗത്തിന്റെ കാലദൈർഘ്യം ?
   (423, 425, 427)

II. പേരെഴുതുക (1x3=3)

6. ലോക മതങ്ങളുടെ മാതാവ് എന്നറിയപ്പെടുന്ന മതം.
7. ചർച്ച ഓഫ് ഗോഡിന്റെ കേരളത്തിലെ സ്ഥാപക മിഷനറി ഓവർസിയർ ആര് ?
8. അപ്പസ്തോലനായ തോമസ് രക്തസാക്ഷിയായി മരിച്ചത് തമിഴ്നാട്ടിലെ ഏത് സ്ഥലത്തുവച്ചാണ് എന്നാണ് കരുതുന്നത്.

III. താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും മൂന്ന് വിഷയങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക (6x3=18)

9. ന്യായപ്രമാണ യുഗം
10. ജൈനമതം
11. പെന്തക്കോസ്ത് പ്രസ്ഥാനം.
12. കുരിശുയുദ്ധങ്ങൾ

IV. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഒന്നര പേജിൽ ഉത്തരം എഴുതുക (12x2=24)

13. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകതയും ലഹരി ഉപയോഗത്തിന്റെ അപകടങ്ങളെയും പറ്റി ഉപന്യസിക്കുക.
14. ക്രിസ്തീയ സഭയുടെ ഉത്ഭവവും ആദ്യകാല വളർച്ചയെയും പറ്റി വിശദീകരിക്കുക.
15. ഭാരതത്തിലെ പ്രധാന മതവിഭാഗങ്ങളായ ഇസ്ലാം മതത്തെയും ഹൈന്ദവ മതത്തെയും പറ്റി ഉപന്യസിക്കുക.